പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7536      14.07.2014- ൽ മറുപടിക്ക്

**പെൻഷൻ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ആർ. രാജേഷ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | ഉണ്ട്. സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ന് സ.ഉ.(എം.എസ്) നം. 52/14/സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (ബി) | വാർദ്ധക്യകാല പെൻഷൻ ഒഴികെയുള്ള സാമൂഹ്യക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയുമായിരുന്നു. സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് അർഹരാകണമെങ്കിൽ ബി.പി.എൽ കുടുംബാംഗമാകണമെന്നതായിരുന്നു നിബന്ധന. 20.07.2013 ലെ സ.ഉ. (എം.എസ്)നം. 59/13/സാനീവ ഉത്തരവു പ്രകാരം വാർദ്ധക്യകാല/ |

| | | | |
|---|---|---|---|
| | | | വിധവാ പെൻഷനുകൾക്കുള്ള അർഹത APL/BPL വ്യത്യാസമില്ലാതെ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് അനുവദിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. എന്നാൽ വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയപ്പോൾ 25,000/- രൂപ പ്രതിമാസ വരുമാനമുള്ള സർക്കാർ ജീവനക്കാരുടെ കുടുംബാംഗങ്ങൾ, സർവ്വീസ് പെൻഷൻകാർ, അംഗൻവാടി ജീവനക്കാർ, വരുമാനം കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്ത ഗൾഫുകാർ, കച്ചവടക്കാർ എന്നിങ്ങനെ പല മേഖലയിലുള്ളവരും പെൻഷൻ അവകാശപ്പെടാൻ തുടങ്ങി. അവശരും ആലംബഹീനരുമായവർക്കുമായി രൂപം നൽകിയ ക്ഷേമപദ്ധതിയുടെ ലക്ഷ്യം തന്നെ മാറിപ്പോവുമെന്ന സാഹചര്യത്തിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 3 ലക്ഷം രൂപയായി ഉയർത്തിയത് ഭേദഗതി ചെയ്യുന്നതിന് മറ്റു സാമൂഹ്യ പെൻഷൻ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനപരിധി ഉയർത്തുന്നതിനും തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളുടെയും അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി 1 ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014 ന് സ.ഉ.(എം.എസ്) നം. 52/14/സാനീവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ